ശ്രീ. കെ. കൊച്ചുകുട്ടൻ : എത്രയും വേഗം തീരുമാനം ഉണ്ടാക്കുന്നതായിരിക്കും.

"കനകം" ബോട്ട പകടം.

* ൭൫. [൨൦] ശ്രീ. പി. രവീന്ദ്രൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ

(എ) 'കനകം' ബോട്ടപകടത്തെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ട് ചെയ്യാൻ നിയുക്തമായിരുന്ന കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ട് എത്ര കാലമായി;

(ബി) കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് ബോട്ടപകടത്തിനു ഉത്തരവാദികളായവരുടെ മേൽ ഗവണ്മെന്റ് എന്തു നടപടികൾ സ്വീകരിച്ചു?

(സി) ക്യനാൽസ് ആൻഡ് ഹൈവേസ് ആക്ട് ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനു കമ്മിറ്റി സമർപ്പിച്ചിരുന്ന നിർദ്ദേശങ്ങൾ ഗവണ്മെന്റ് സ്വീകരിച്ചോ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഒരു വർഷം ആകാറായി.

(ബി) നടപടികൾ എടുത്തുകൊണ്ടിരിക്കയാണ്.

(സി) ചില നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട് മറ്റു ചിലവ ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു.

ശ്രീ. പി. രവീന്ദ്രൻ : ബോട്ടുകൾ പരിശോധിക്കുന്നതിനു നിയുക്തനായിരുന്ന ആഫീസർക്ക് എന്തു പരീക്ഷായോഗ്യത വേണമെന്നാണു വ്യവസ്ഥയുള്ളത്?

ശ്രീ. കളത്തിൽ വേലായുധൻനായർ : മെക്കാനിക്കൽ ഇൻജിനിയറിംഗ് എന്ന പരീക്ഷായോഗ്യതയുണ്ടായിരിക്കണമെന്ന വ്യവസ്ഥയുണ്ട്.

ശ്രീ. ഒ. സി. നൈനാൻ : ഇതുകൂടാതെ ബോട്ടുകൾ പരിശോധിക്കുന്നതിനും മറ്റും വേറെ ചില യോഗ്യതകൂടി ഉണ്ടായായിരിക്കണമെന്നു റിപ്പോർട്ടിൽ പറഞ്ഞിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഉണ്ട്.

WRITTEN ANWSERS.

രക്തതിസാരം എന്ന സാംക്രമികരോഗം.

* ൭൬. [൨൨] ശ്രീ. പി. രവീന്ദ്രൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കൻ തിരുവിതാംകൂറിലെ ചില താലൂക്കുകളിൽ രക്തതിസാരം എന്ന സാംക്രമികരോഗം സർവ്വത്ര വ്യാപിച്ചിരിക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly